(സി) ഈ ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനായി ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്ന നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് നൽകിയിട്ടുള്ളത് ;

(ഡി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ;

(ഇ) ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുൻപ് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾക്ക് തുടക്കം കുറിക്കാനാകും എന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) രേഖാമൂലമുള്ള അറിയിപ്പൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി-ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാന്റെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി

57 (1783) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങറോത്ത് പ്രൈമറി ഹെൽത്ത് സെന്ററിലെ ഫാർമസിസ്റ്റായിരുന്ന ശ്രീ. അബ്ദുറഹിമാൻ, ബിസ്മി, കൊട്ടപ്പുറം, അന്തിയൂർകുന്ന്. പി.ഒ., മലപ്പുറം ജില്ല എന്നയാളെ സർവ്വീസിൽനിന്നും നീക്കംചെയ്തുകൊണ്ട് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ഉത്തരവിട്ടിരുന്നുവോ ;

(ബി) എങ്കിൽ എന്ത് കാരണത്താലാണ് നീക്കം ചെയ്തതെന്ന് ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദമാക്കുമോ ;

(സി) അദ്ദേഹത്തെ എന്നാണ് സർവ്വീസിൽനിന്നും നീക്കം ചെയ്തത് ;

(ഡി) അതിന് മുമ്പ് അദ്ദേഹം ജോലിയിൽനിന്ന് വിരമിച്ചിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ ;

(ഇ) ഇദ്ദേഹത്തിന്റെ പേരിൽ കടുത്ത നടപടി സ്വീകരിക്കുംമുമ്പ് K.C.S (CC&A) Rules-ലെ 15 അനുസരിച്ചുള്ള അന്വേഷണം കോഴിക്കോട് ഡി.എം.ഒ. നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിയമവിരുദ്ധമായ നടപടിക്രമങ്ങളിലൂടെ എടുത്ത നടപടികൾക്കെതിരെ വകുപ്പുതല അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) ഇത് സംബന്ധമായി, EC6-37583/09/DHS dated 14-6-2010 നമ്പറായി ഹെൽത്ത് ഡയറക്ടർ ഹെൽത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എച്ച്) ശ്രീ. അബ്ദുറഹിമാന് നീതി ലഭിക്കാനും ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉത്തരവിട്ടിരുന്നു.

(ബി) അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിന് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) 2-7-2005 മുതൽ മുൻകാല പ്രാബല്യത്തോടെ 29-1-2009-ൽ സർവ്വീസിൽനിന്ന് നീക്കംചെയ്തു.

(ഡി) ഉണ്ട്.

(ഇ-എച്ച്) ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്ന് വിശദമായ റിപ്പോർട്ടുവാങ്ങി അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

സി-മെറ്റിന്റെകീഴിൽ പുതുതായി സ്ഥാപനങ്ങൾ

58 (1784) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സി-മെറ്റ്) എന്നാണ് സ്ഥാപിതമായത് ; ആരൊക്കെയാണ് ഈ സ്ഥാപനത്തിന്റെ ഭരണ സാരഥികൾ ;

(ബി) "സി-മെറ്റി'-ന്റെ നിയന്ത്രണത്തിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് സ്ഥാപിതമായത് ; ഇവിടങ്ങളിൽ ഏതൊക്കെ കോഴ്സുകൾക്കായി എത്ര വീതം സീറ്റുകൾ നിലവിലുണ്ട് ;

(സി) സി-മെറ്റിന്റെകീഴിൽ പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008 മേയ് മാസം 23-ാം തീയതി സി-മെറ്റ് നിലവിൽവന്നു.

ഭരണ സാരഥികൾ :

(1) ചെയർപേഴ്സൺ - ബഹു. ആരോഗ്യവകുപ്പുമന്ത്രി

(2) വൈസ് ചെയർപേഴ്സൺ - സെക്രട്ടറി, ആരോഗ്യവകുപ്പ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly